മിസ്റ്റർ പി. കെ. ഡീവർ: ഈ റോഡു പണിക്കു സ്ഥലമെടുക്കുന്നതിനു ഗവണ്മെണ്ടു ഉപയോഗിച്ചു അടിയന്തിരാധികാരം അവിടെനിന്നു വീടൊഴിയുന്നവർക്കു കിടപ്പിടമുണ്ടാക്കി കൊടുക്കുവാനും കൂടി വിനിയോഗിക്കുവാൻ ദയവുണ്ടാകുമോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അവർക്കു കിടപ്പിടത്തിനു സ്ഥലം കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കുറെ ആളുകളെക്കൂടി അവിടെനിന്നു ഒഴിവാക്കാനുണ്ടല്ലൊ. അവരെ ഒഴിവാക്കുന്നതിനു മുമ്പു് അവർക്കു സ്ഥലം കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ചെയ്യും.

മിസ്റ്റർ പി. കെ. ഡീവർ: അതു ശീഘ്രഗതിയിൽ ചെയ്യാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: വളരെ ശീഘ്രഗതിയിൽതന്നെ ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആർക്കും ദോഷമുണ്ടാകാതെ ചെയ്യുവാൻ വിരോധമുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ആരേയും ഉപദ്രവിക്കണമെന്നു കൊച്ചി ഗവണ്മെണ്ടിനുദ്ദേശമില്ല.

APPOINTMENT OF SUCCESSOR TO SIR GEORGE BOAG—TERMS AND CONDITIONS REGARDING

192. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് സദയം മറുപടി പറയുമോ —

(എ) സർ ജോർജ്ജ് ബോഗ് റിട്ടയർ ചെയ്തപ്പോൾ പകരം ദിവാൻജിയായി ആരെയെങ്കിലും നിയമിച്ചു കഴിഞ്ഞതോ; നിയമിച്ചിട്ടുണ്ടെങ്കിൽ ആരെയാണു്;

(ബി) അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി എത്രയാണു്; ശമ്പളവും മറ്റു നിയമനവ്യവസ്ഥകളും എന്തൊക്കെയാണു്?

റാവുസാഹിബ്ബ് പി. വി. റാഫേൽ:

(എ) ഉവ്വു്, ദിവാൻ ബഹദൂർ സി. പി. കരുണാകരമേനോൻ അവർകളെ.

(ബി) കാലാവധി നിർണ്ണയിച്ചിട്ടില്ല. ആദായനികുതി ഒഴിവായി പ്രതിമാസം രണ്ടായിരം ഉറുപ്പിക ശമ്പളവും സൌജന്യമായ ഒരു വീടും ഒരു കാറും വൈദ്യസഹായവും അനുവദിക്കുന്നു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കൊച്ചി രാജ്യത്തു ദിവാൻജിമാരെ നിയമിക്കുമ്പോൾ സാധാരണയായി നിയമന കാലാവധിയും നിശ്ചയിക്കാറില്ലെ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഉവ്വു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതിൽ കാലാവധി നിശ്ചയിക്കാതിരിപ്പാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: പ്രത്യേക കാരണമൊന്നുമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഉത്തരവാദിത്വഭരണം ഉടനടി ഇവിടെ സ്ഥാപിതമാകുന്ന ഘട്ടത്തിൽ തന്നെ ഉടനടി അദ്ദേഹത്തെ വേണ്ടന്നു വെക്കുവാനല്ലെ കാലാവധി വെക്കാതിരുന്നതു്? (ചിരി)

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഇതൊക്കെ അപ്പപ്പോൾ തോന്നിയതുപോലെ പ്രവർത്തിക്കേണ്ട സംഗതിയാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അപ്പപ്പോൾ തോന്നിയതുപോലെ പ്രവർത്തിക്കുകയാണൊ ഗവണ്മെണ്ടു ചെയ്യുന്നതു്?

റാവുസാഹിബ്ബ് പി. വി. റാഫേൽ: അപ്പപ്പോൾ തോന്നിയതുപോലെ അങ്ങിനെയൊന്നു ചെയ്യുവാൻ നിങ്ങൾ സമ്മതിക്കുകയുമില്ലല്ലോ?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ദിവാൻജി എന്നുള്ള സ്ഥാനം അനിശ്ചിത കാലത്തേക്കു നീട്ടിക്കൊണ്ടു പോകണമെന്നുള്ളതാണൊ ഗവണ്മെണ്ടിന്റെ നില?

റാവുസാഹിബ്ബ് പി. വി. റാഫേൽ: അതൊന്നും നോക്കീട്ടില്ല. ഒരു ദിവാൻജി ഇവിടെ ആവശ്യമുണ്ടു്. മുമ്പും ദിവാൻജിമാരുണ്ടു്. ഇവിടെ ഇപ്പോഴും ഉണ്ടു്. ആ നിലയിൽ നമ്മളെ വെച്ചിട്ടുണ്ടെന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ആ ഉദ്യോഗസ്ഥനെ വെക്കുന്നതിൽ ഞങ്ങളുടെ പ്രതിനിധികളായ മന്ത്രിമാക്ക വല്ല കയ്യും ഉണ്ടായിരുന്നുവോ?

Rao Sahib P. V. Raphael *(Chief Secretary to Government):* I want notice about it. The question is whether the Ministers had any hand in the appointment of the Diwan.

Mr. President : Order, Order. I do not think that question is in order.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the Hon'ble Ministers four in number were consulted in this matter?

Mr. President : Order, Order. I have just said that the question is not in order.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഒരു രാജ്യത്തിന്റെ പരമാധികാരസ്ഥാനത്തേക്ക ആളെ നിയമിക്കുന്നത് അപ്പോൾ തോന്നുന്ന മട്ടാട അന്വസരിച്ചാണൊ?

റാവുസാഹിബ് പി. വി. റാഫേൽ : അപ്പോൾ തോന്നുന്ന, എന്നു പറഞ്ഞതു് എന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിനു മുമ്പുള്ള നാടൻ ദിവാൻജിമാരിൽ ആരെങ്കിലും രണ്ടായിരം ഉറുപ്പിക ശമ്പളം കൊടുത്തിരുന്നുവോ?

റാവുസാഹിബ് പി. വി. റാഫേൽ : രണ്ടായിരം ഉറുപ്പിക ശമ്പളമുണ്ടായിരുന്ന ദിവാൻജിമാരുമുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : പരിപൂർണ്ണ ഉത്തരവാദിത്വ ഭരണം സ്ഥാപിതമാകുന്ന അവസരത്തിൽ അതിന്റെ മൌലിക തത്വത്തിന്മേൽ ദിവാൻപദം വേണ്ടെന്നു വെക്കുവാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

റാവുസാഹിബ് : പി. വി. റാഫേൽ : ഒന്നുമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : അന്നും ദിവാൻജിയുണ്ടാകുമെന്നാണോ ജനപ്രതിനിധികളായ ഞങ്ങൾ ധരിക്കേണ്ടതു്? അങ്ങിനെയുള്ള ചുറ്റുപാടുകളെപ്പറ്റി ആലോചിക്കാതെയാണ് ഈ ദിവാൻജിയെ നിശ്ചയിച്ചിട്ടുള്ളതു് എന്നനുമാനിക്കുന്നതിൽ വല്ല തെറ്റുമുണ്ടോ?

റാവുസാഹിബ് പി. വി. റാഫേൽ : ദിവാൻജി കൊച്ചി രാജ്യത്തു ഇപ്പോൾ അല്ലുമുണ്ട്. ഇപ്പോഴത്തെ ദിവാൻജി പോയാൽ പകരം ഒരാൾ വേണം. അതിനു ഒരാളെ നിശ്ചയിച്ചു അത്രേയുള്ളു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ദിവാൻജി വേണമെന്നുള്ള പഴഞ്ചൻ സമ്പ്രദായത്തെ ഈ നവലോകത്തിലും യുവലോകത്തിലും പകർത്തണമെന്നാണോ വിചാരിക്കുന്നതു്?

റാവുസാഹിബ് പി. വി. റാഫേൽ : പഴയകാലം മുതൽക്ക ഇന്നേതിയ്യതിവരെ ഒരു ദിവാൻജി എപ്പോഴും ഇവിടെ ഉണ്ടെന്നാണ് ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഈ നില ഇനിമേലും പുലർത്തിക്കൊണ്ടു പോകണമെന്നാണോ ഗവൺമെണ്ടിന്റെ ഉദ്ദേശം?

റാവുസാഹിബ് പി. വി. റാഫേൽ : അങ്ങിനെയുള്ള ഒരു ഉദ്ദേശവും ഇതിലില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : പക്ഷെ അങ്ങിനെയല്ലെ അനുമാനിക്കേണ്ടതു്?

റാവുസാഹിബ് പി. വി. റാഫേൽ : ഇപ്പോൾ പിന്നീടുള്ള കാര്യത്തെപ്പറ്റി എങ്ങിനെയാണ് അനുമാനിക്കുന്നതു്? The very fact of the appointment of a Diwan shows that it is required here.

Mr. President : Order, Order. Whether it is necessary or not is a matter of opinion. The Hon'ble Member is not entitled to ask for an expression of opinion.

ചൌധരി ജി. എസ്സ്. ധാരാസിംഗ് : ഇതിനെ സംബന്ധിച്ചു് ആലോചിക്കുവാൻ കോൺസ്റ്റിറ്റ്യൂഷണൽ അഡൈസറി കമ്മിറ്റിയോടു നിർദ്ദേശിച്ചിട്ടുണ്ടോ?

റാവുസാഹിബ് പി. വി. റാഫേൽ : അതൊക്കെ വളരെ കാൺഫിഡൻഷ്യലാണ്.

Mr. P. Govinda Menon *(Minister for Food and Educaion):* The Constitutional Advisory Committee's proposals will come into existence only when the report comes, and this appointment is in the meanwhile.

LIBRARY ARCHIVES Kerala Legislative Assembly